# വിവേകാനന്ദം

Malayalam Essays

# VIVEKANANDAM


| | | |
|---|---|---|
| Editor | : | Dr. Pazhakulam Subhash |
| Published by | : | National Service Scheme Unit,<br>N.S.S.College, Pandalam. |
| First Impression | : | November, 2017 |
| Cover Design | : | Padmaraj |
| Layout | : | Wintech Computers, Pandalam. |
| Printing | : | Bharath Offset, Pandalam. |
| Distribution | : | Surya Books Publishing House<br>16/558/E, Near Nippon Toyota,<br>Nettoor, Pin - 682040,<br>Ernakulam (Dist.),<br>Mobile : 9747042196, 9562671616<br>Web Address : suryabookpublishng.in<br>Email : suryabooks2014@gmail.com |


Rights reserved

Price : 90/- Rs

ISBN 9788192848118

# ഉള്ളടക്കം

## ഭാഗം - I


1. വിവേകാനന്ദൻ : ജീവിതരേഖ 11
2. ചട്ടമ്പിസ്വാമികളും സ്വാമിവിവേകാനന്ദനും
   - പ്രൊഫ.സി.ശശിധരക്കുറുപ്പ് 15
3. നവോത്ഥാനത്തിന്റെ പ്രകാശഗോപുരം
   - ഡോ.ജി.ഗിരിജാദേവി 17
4. ആർഷ സംസ്കൃതിയുടെ അഗ്നിസ്ഫുലിംഗം
   - ഡോ.അനഘ .ബി.കെ 22
5. വിവേകാനന്ദ സൂക്തങ്ങളിലെ വിദ്യാഭ്യാസ വിചിന്തനങ്ങൾ
   - ഡോ.പ്രദീപ് ഇറവങ്കര 29
6. സ്വാമി വിവേകാനന്ദനും സ്വതന്ത്രതാമുന്നേറ്റങ്ങളും
   - ജോമോൾ ജോസ് 34
7. ഭാരതദർശനം - വിവേകാനന്ദന്റെ കവിതകളിൽ
   - ഡോ.ആർ.അശ്വതി 39
8. മാനവികതയും വിദ്യാഭ്യാസവും : വിവേകാനന്ദദർശനങ്ങളിലൂടെ
   - ജ്യോത്സന എലിസബത്ത് ജോർജ്ജ് 46
9. സ്വാമി വിവേകാനന്ദനും ഹൈന്ദവവൽക്കരണവും
   - അയ്യപ്പദാസ് ബി.ഒ. 50
10. വിവേകാനന്ദദർശനം വിദ്യാഭ്യാസത്തിൽ
    - രഞ്ജിത്ത്കുമാർ എം.ആർ. 54
11. വിവേകാനന്ദ ദർശനങ്ങളിലെ സാർവ്വലൗകികത
    - ലൂന .സി 58
12. വിശ്വത്തിന്റെ വെളിച്ചം
    - അർജുൻ .വി 62
13. വാങ്മയത്തിന്റെ വിശ്വരൂപം
    - ഡോ.പഴകുളം സുഭാഷ് 67
14. വിവേകാനന്ദനും നാഷണൽ സർവ്വീസ് സ്കീമും
    - സി. സാമുവൽ ചെല്ലയ്യ 74


## ഭാഗം - II


1. ഭാരതസ്ത്രീകൾ - സംഭാഷണം 85
2. വിവേകാനന്ദസൂക്തങ്ങൾ 86
3. ഈശോമിശിഹാ - പ്രസംഗം 88
4. ജീവിക്കുന്ന ഈശ്വരൻ - കവിത 95
5. ലേഖകപരിചയം 96

# സ്വാമി വിവേകാനന്ദനും സ്വാതന്ത്ര്യതാ മുന്നേറ്റങ്ങളും

ജോമോൾ ജോസ്

"സ്വ ആത്മം തന്ത്രം പ്രധാനം അസ്യ ഇതി സ്വതന്ത്രതാ" തനിക്കു പ്രധാനമായതാണ് സ്വതന്ത്രത. 'സ്വതന്ത്രസ്യഭാവഃ സ്വാതന്ത്ര്യം'[1]. മാനവസമൂഹത്തിന്റെ ഏറ്റം മൂല്യവത്തായ ആവശ്യവും ഒപ്പം അന്തസുള്ള മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകവുമാണ് സ്വാതന്ത്ര്യം. ഏറ്റവും കുറഞ്ഞ സാമൂഹ്യനിയന്ത്രണങ്ങളോട് സ്വന്തം താൽപര്യം അനുസരിച്ച് പ്രവർത്തിക്കാൻ വ്യക്തിയെ പ്രാപ്തമാക്കുന്ന സമൂഹമാണ് സ്വതന്ത്രസമൂഹം. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സ്വരാജ് എന്നാൽ ആത്മനിയന്ത്രണമാകണമെന്നാണ് ഗാന്ധിജി 'ഹിന്ദ്സ്വരാജ്' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. നാം നമ്മെ ഭരിക്കാൻ പഠിക്കുമ്പോഴാണ് 'സ്വരാജ്' ഉണ്ടാകുന്നത്[2]. സ്വരാജ് കേവലം സ്വാതന്ത്ര്യം മാത്രമല്ല; മനുഷ്യഗുണങ്ങൾ ഇല്ലാതാകുന്ന സ്ഥാപനങ്ങളിൽനിന്ന് വ്യക്തിയുടെ ആത്മാഭിമാനത്തേയും സ്വന്തം ഉത്തരവാദിത്വങ്ങളേയും കഴിവുകളേയും വീണ്ടെടുക്കാനുള്ള സ്വാതന്ത്ര്യമാണത്.

തന്ത്രം എന്നാൽ ഭരണം എന്നാണർത്ഥം. സ്വതന്ത്രത എന്നാൽ സ്വയംഭരണത്തിനുള്ള സാഹചര്യം അഥവാ സ്വയം നിർണ്ണയാവകാശം. ഒരു രാഷ്ട്രത്തിന്റെ ഭരണാധികാരം നിയന്ത്രിക്കാൻ അംഗങ്ങൾക്കുള്ള അവകാശമാണ് രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം.

ഒരു രാഷ്ട്രത്തിന്റെ ഐക്യം, സ്വാതന്ത്ര്യം, താൽപര്യങ്ങൾ, ആധിപത്യം ഇവയിലൊന്നിനെ അനുകൂലിക്കുകയോ അതിനുവേണ്ടി പരിശ്രമിക്കുകയോ ചെയ്യുന്ന ആൾ എന്നാണ് പാശ്ചാത്യ നിഘണ്ടുകാരന്മാർ ദേശീയവാദിയെ നിർവചിക്കുന്നത്. ജനങ്ങൾക്ക് രാഷ്ട്രത്തോടുള്ള വൈകാരികബന്ധമാണ് ദേശീയത.

ഒരു സമൂഹത്തെ നേരിട്ട് സ്വാധീനിക്കുവാൻ കഴിവുള്ള രണ്ട് അധികാരശക്തികളാണ് ജാതിയും രാഷ്ട്രീയവും. ഈ രണ്ട് അധികാരശക്തികളും അന്യായങ്ങളുടേയും അസമത്വങ്ങളുടേയും വേലിക്കെട്ടുകൾ തീർത്ത ഒരു സാമൂഹികസാഹചര്യത്തിലായിരുന്നു സ്വാതന്ത്ര്യപൂർവകാലത്തെ ഇന്ത്യൻ സമൂഹം കഴിഞ്ഞിരുന്നത്. അതിനാൽ ഇന്ത്യ

യുടെ സ്വാതന്ത്ര്യതാമുന്നേറ്റങ്ങൾ ഈ രണ്ട് അധികാരശക്തികളുടേയും നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനത്തെ ലക്ഷ്യംവെച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിന് സ്വാമി വിവേകാനന്ദൻ നൽകിയ സംഭാവനകളും ഈ രണ്ട് അധികാരശക്തികളേയും കേന്ദ്രീകരിച്ച് നിൽക്കുന്നു.

### മതപരമായ ഉണർവ്

ഭാരതത്തിന്റെ ആത്മീയത നിർജീവാവസ്ഥയിലാണെന്നും രാഷ്ട്രീയമായോ മറ്റേതുതരത്തിലുള്ളതോ ആയ മോചനത്തിനുവേണ്ടി പുറപ്പെടുന്നതിനുമുൻപ് അതിനെ മയക്കത്തിൽനിന്നുണർത്തേണ്ടത് ആവശ്യമാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഉണർന്ന് ലക്ഷ്യത്തിലെത്തിച്ചേരുന്നതുവരെ തളരാതിരിക്കുക, 'ഉത്തിഷ്ഠത, ജാഗ്രത' എന്ന ഉപനിഷത് വാക്യത്തിലൂടെ അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി.

മാനവസ്വാതന്ത്ര്യത്തിന് സർവണമേധാവിത്വം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാൽ മുഖരിതമായിരുന്നു സ്വാമിജിയുടെ കാലത്ത് ഹിന്ദുമതം. അസ്വാതന്ത്ര്യത്തിന്റെ വിവിധ ഭാവങ്ങൾ, സാമൂഹിക ജീവിതത്തിന്റെ വിവിധ തലങ്ങളിൽ ജനതയെ ഭരിച്ചിരുന്നു. ഹിന്ദുമതത്തിലെ ചില വിഭാഗങ്ങളെ താണവരായും ചിലരെ ഉയർന്നവരായും കൽപിച്ചുവന്നത് സാമൂഹിക അസമത്വം ഊട്ടിയുറപ്പിച്ചു.

താണവരിൽ താണവർക്കും ഉന്നതകുല ജാതർക്ക് തുല്യമായ അവകാശങ്ങൾ നൽകണമെന്നും, വിദ്യാസമ്പന്നരുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് മാത്രമേ കീഴ്ജാതിക്കാരിൽ തങ്ങൾ ഈ രാജ്യത്തിന്റെ ഭാഗമാണെന്നുള്ള ആത്മവിശ്വാസം വളർത്താൻ കഴിയുകയുള്ളൂ എന്നും സ്വാമിജി വിശ്വസിച്ചു.

വിവിധ മതവിശ്വാസികൾ ഉൾപ്പെട്ട നാടാണ് ഇന്ത്യ. ഭൂരിപക്ഷമായ ഹിന്ദുക്കളെ തന്റെ പ്രബോധനങ്ങളിലൂടെ പ്രബുദ്ധരാക്കാൻ സ്വാമിജി വളരെ പരിശ്രമിച്ചു. ഗീതയിൽനിന്നും ഉപനിഷത്തുക്കളിൽ നിന്നുമെടുത്തിട്ടുള്ള മഹത്വചനങ്ങൾ അദ്ദേഹം ഇതിനായി ഉപയോഗിച്ചു. "ദൈവം ഒന്നേയുള്ളു എന്നും ജ്ഞാനികൾ (വിശ്വാസികൾ) അതിനെ പലപേരുകളിൽ വിളിക്കുന്നു" എന്നുമുള്ള വേദവാക്യമനുസരിച്ച് ഹിന്ദുസഹോദരന്മാർ മറ്റെല്ലാ മതങ്ങളോടും സ്നേഹത്തോടെ വർത്തിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു.

### രാഷ്ട്രീയമായ ഉണർവ്

ജനങ്ങൾക്ക് രാഷ്ട്രത്തോടുള്ള വൈകാരിക ബന്ധമാണ് ദേശീയത.[3] ആധുനിക ലോകചരിത്രഗതിയെ നിർണയിച്ച പ്രധാനഘടകം ദേശീയത ആയിരുന്നു. 19-ാം നൂറ്റാണ്ടിൽ ദേശീയത ഒരു ഏകീകരണ ശക്തിയായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങൾ മുതൽ ലോകമെമ്പാടും ദേശീയവിമോചനപ്രസ്ഥാനങ്ങൾ ഉയർന്നുവന്നത് സ്വയംഭരണാവകാശം

സ്ഥാപിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. രാഷ്ട്രീയമായ സ്വയംനിർണയാവകാശം കോളണികളിലെ ജനങ്ങൾക്ക് അന്തസ്സേകുമെന്നും ജനങ്ങളുടെ കൂട്ടായ താത്പര്യങ്ങളെ സംരക്ഷിക്കുമെന്നുമുള്ള വിശ്വാസത്തിലാണ് സ്വയംഭരണമുന്നേറ്റങ്ങളുണ്ടായത്. ദേശീയതയുമായി അഭേദ്യമായ ബന്ധംപുലർത്തുന്ന ഒരു രാഷ്ട്രീയപ്രതിഭാസമാണ് സ്വയംനിർണയാവകാശം. തങ്ങളായിരിക്കുന്ന സമൂഹത്തിൽ അടിച്ചമർത്തലുകൾക്ക് വിധേയരാക്കപ്പെടുന്നു എന്ന് ഒരു ജനത തിരിച്ചറിഞ്ഞുകഴിഞ്ഞാൽ അതിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള തന്ത്രം അവർ തേടുകയും അതിനായി സംഘടിതയത്നങ്ങളാരംഭിക്കുകയും ചെയ്യും. ജനാധിപത്യം, സ്ഥിതിസമത്വം മുതലായ ദേശീയലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള ജനതയുടെ അഭിലാഷങ്ങളും സംഘടിതയത്നങ്ങളും കാലഘട്ടത്തിന്റെ ആവശ്യം കൂടിയായിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങളാണ് കോളണിവത്കരണത്തിന്റെ ഒരു പ്രധാന ഇരയായി നാം മാറാൻ കാരണമായത്. 1858 മുതൽ ഇന്ത്യ ഇംഗ്ലണ്ടിന്റെ പരമാധികാരത്തിൻ കീഴിലാകാൻവേണ്ട ഒരുക്കങ്ങളിലായിരുന്നു.[4] എന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു.

സ്വാമിജിയുടെ സമകാലികരായ നേതാക്കളിൽ പലരും ബ്രിട്ടീഷ് ഭരണം ഭാരതത്തിന് പ്രയോജനപ്രദമായ ഒന്നായി കണ്ടിരുന്നു. എന്നാൽ സ്വാമിജിയുടെ അഭിപ്രായത്തിൽ ക്രൂരമായ ചൂഷണത്തിനു വന്ന വൈശ്യന്മാരുടെ ഭരണമായിരുന്നു അത്. ബ്രിട്ടീഷുകാരുമായി ഒരുതരത്തിലുള്ള അനുരഞ്ജനത്തിനും അദ്ദേഹം തയ്യാറായിരുന്നില്ല. സഹനശീലരും സമാധാനപ്രിയരുമായ കോൺഗ്രസ്സുകാരിൽനിന്നും സ്വാതന്ത്ര്യം അവകാശമെന്ന രീതിയിൽ ആവശ്യപ്പെടുന്ന തലത്തിലേയ്ക്കെത്തിച്ചത് സ്വാമിജിയാണ്. ബംഗാളിന്റെ വിഭജനം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെതന്നെ വിഭജനത്തിലേയ്ക്ക് വഴിതെളിച്ചു എന്ന് ഗാന്ധിജി പറഞ്ഞതും ഇതിനോട് ചേർത്ത് വായിക്കാം.

സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാമൂഹിക ഉണർവിന്റെയും സന്ദേശം നമുക്ക് പകർന്നുതന്ന വ്യക്തിയാണ് സ്വാമിജി. സമൂഹത്തിലെ ഉപരിവർഗ്ഗത്തിന്റെ സംഘടനകളായിരുന്നു അദ്ദേഹത്തിന്റെ കാലത്ത് കോൺഗ്രസുൾപ്പെടെയുള്ളവ. ഇവർക്ക് താഴേക്കിടയിലുള്ളവരുമായോ ദരിദ്രരുമായോ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല.

ഭാരതീയരെ ആകമാനം ഗ്രസിച്ചിരിക്കുന്ന ദൂഷിതാവസ്ഥയുടെ കാരണം കണ്ടുപിടിച്ച് അതിനെ ഇല്ലാതാക്കുന്നതിനുള്ള മാർഗങ്ങൾ തേടണമെന്ന് സ്വാമിജി കരുതി. ജനങ്ങൾക്ക് ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും സാമൂഹിക, സാമ്പത്തിക മേഖലകളിലും വിദഗ്ദ്ധരാകാൻ കഴിയുന്ന വിദ്യാഭ്യാസം നൽകണം. ഈശ്വരവിശ്വാസം, വിശ്വസ്തത, സത്യസന്ധത, പവിത്രത, ത്യാഗോജ്ജ്വലവും നിസ്വാർത്ഥവുമായ സേവനം തുടങ്ങിയ ആത്മീയമൂല്യങ്ങൾ ജനങ്ങൾ സ്വായത്തമാ

ക്കണം. ബ്രിട്ടീഷ് സർക്കാരിന്റെ കീഴിൽ ഗുമസ്തപ്പണിക്ക് പോകാതെ സാമൂഹികോന്നമനത്തിനുവേണ്ടി പ്രവർത്തിക്കാൻ അദ്ദേഹം യുവാക്കളോട് ആഹ്വാനം ചെയ്തു.

കോൺഗ്രസിലെ മിതവാദി നേതാവായിരുന്ന ശ്രീ.സുരേന്ദ്രനാഥ് ബാനർജി, കാർലയിന്റെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് 'ബംഗാളി'യിൽ ഇങ്ങനെയെഴുതി. 'ഒരു രാജ്യത്തിന്റെ ചരിത്രം എന്നത് ആ രാജ്യത്തെ മഹദ്വ്യക്തികളുടെ ചരിത്രമാണ്. വിവേകാനന്ദനും ശ്രീരാമകൃഷ്ണനുമാണ് വിദ്യാസമ്പന്നമായ സമകാലിക ഇന്ത്യയുടെ തിളങ്ങുന്ന മഹാത്മാക്കൾ'. അദ്ദേഹം സ്വാമിജിയെ ദേശസ്നേഹി എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥത്തിൽതന്നെ വിശേഷിപ്പിച്ചു. മറ്റൊരു മിതവാദി നേതാവായിരുന്ന ശ്രീ.ഗോപാലകൃഷ്ണഗോഖലെ സാമൂഹികോന്നമനം എന്ന വിവേകാനന്ദന്റെ ലക്ഷ്യം ഏറ്റെടുത്തു പ്രവർത്തിച്ചു.[5]

'സോഷ്യലിസം' എന്ന പദം ഇന്ത്യൻ രാഷ്ട്രീയത്തിലാദ്യമായി ഉപയോഗിച്ചത് സ്വാമി വിവേകാനന്ദൻ ആണ്. 'ഞാനൊരു സോഷ്യലിസ്റ്റാണ്. അത് വളരെ നല്ലതും ശരിയായതുമായ തത്ത്വശാസ്ത്രം എന്നു ഞാൻ വിശ്വസിക്കുന്നതുകൊണ്ടല്ല; മറിച്ച് മുഴു പട്ടിണിയെക്കാളും അർദ്ധപട്ടിണി നല്ലതെന്നു ഞാൻ വിശ്വസിക്കുന്നതുകൊണ്ടാണ്.'[6]

ഐ.എൻ.എ.യുടെ സ്ഥാപകനായ സുഭാഷ്ചന്ദ്രബോസിനെ ഏറെ സ്വാധീനിച്ചത് സ്വാമിജിയുടെ ആശയങ്ങളാണ്. സ്വാമിജിയുടെ തത്വശാസ്ത്രങ്ങളാണ് തന്റെ കരുത്ത് എന്ന് സുഭാഷ് ചന്ദ്രബോസ് സമ്മതിച്ചിട്ടുണ്ട്. ഒരുമ, വിശ്വാസ്യത, സമർപ്പണം എന്നീ വിവേകാനന്ദാശയങ്ങളാണ് ഐ.എൻ.എ.യുടെ പ്രധാന തത്വങ്ങൾ. സദാ ത്യാഗസന്നദ്ധനായിട്ടുള്ള എന്നാൽ ആക്രമണത്തിന് യാതൊരു ദയയുമില്ലാത്ത വ്യക്തിയാണദ്ദേഹം എന്നാലും ഒരു കുഞ്ഞിനെപ്പോലെ നിർമലവുമാണ് എന്നാണ് സുഭാഷ് സ്വാമിജിയെക്കുറിച്ച് അഭിപ്രായപ്പെട്ടത്.

ദേശീയപ്രസ്ഥാനത്തിന്റെ ആത്മാവായിരുന്ന മഹാത്മാഗാന്ധിയെ വിവേകാനന്ദൻ വളരെയധികം സ്വാധീനിച്ചിരുന്നു. ദരിദ്രരരെ ഹരിജൻ എന്ന് ഗാന്ധിജി സംബോധനചെയ്തതും സ്വാമി വിവേകാനന്ദന്റെ ദരിദ്രനാരായണൻ എന്ന വിളിയുടെ പ്രതിരൂപം തന്നെ. സ്വാമി വിവേകാനന്ദന്റെ 'മതസൗഹാർദ്ദം, വേദാന്തപ്രയോഗം' എന്നീ ആശയങ്ങളും, മതസംബന്ധമായ എല്ലാ വിവാദങ്ങളും തിരസ്ക്കരിക്കുക എന്ന ഗാന്ധിയൻ സിദ്ധാന്തവും പരസ്പരപൂരകം തന്നെ.

ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിനെ സ്വാമി വിവേകാനന്ദൻ വളരെ സ്വാധീനിച്ചിട്ടുണ്ട്. 1968 ലെ ചൈനീസ് ആക്രമണകാലത്ത് യുവജനങ്ങളുടെ ഇടയിൽ നെഹ്റു ഊർജ്ജസ്വലനും കർമ്മോത്സുകനുമായ വിവേകാനന്ദന്റെ ചിത്രമാണ്

അവതരിപ്പിച്ചത്. ഇന്ദിരാഗാന്ധിയാകട്ടെ ജനുവരി 12 ദേശീയ യുവജ നദിനമായി പ്രഖ്യാപിച്ചു. ഡോ.എസ്.രാധാകൃഷ്ണന്റെ അഭിപ്രായ ത്തിൽ വിവേകാനന്ദൻ ഈ രാജ്യത്തിന്റെ ആത്മാവാണ്.

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ പിതാവ് സ്വാമി വിവേകാന ന്ദൻ ആണെന്ന് ശ്രീ.ബാലഗംഗാധര തിലകൻ 1912 ജനുവരി 14 ന് 'മറാത്ത' എന്ന തന്റെ പ്രസിദ്ധീകരണത്തിൽ എഴുതി. ആധുനിക ഇന്ത്യൻ ദേശീയതയുടെ മഹാനായ പ്രവാചകനും പ്രഭാഷകനുമാണ് സ്വാമി വിവേകാനന്ദൻ എന്ന് 1916 ആഗസ്റ്റ് 18-ന് ശ്രീ.അരവിന്ദോ, ആനി ബസന്റിന്റെ കോമൺ വീലിൽ എഴുതി. ഇന്ത്യൻ സ്വാതന്ത്ര്യ സമര ത്തിന് അദ്ദേഹം നൽകിയ പ്രചോദനം ഫ്രഞ്ചുവിപ്ലവാചാര്യനായ റൂസ്സോയോടും ചൈനീസ്, റഷ്യൻ വിപ്ലവങ്ങളുടെ സ്രോതസ്സായി പ്രവർത്തിച്ചിരുന്ന കാറൽ മാർക്സിനോടും ഒപ്പമാണ്.

**കുറിപ്പുകൾ**


1. അമരസിംഹൻ 'അമരകോശം' പുറം 678, എൻ.സി.എസ്, 1958 എഡിഷൻ.
2. http://www.mkgandhi.org/man.htmldated 20-12-2012.
3. http://wikipedia.org/nationality dated 21-12-2012.
4. R.C.Majundar, H.C.Rachaudhuri and Kalikinkardatta P.283
5. ശങ്കരിപ്രസാദ് ബസു 'വിവേകാനന്ദ സമകാലിക ഭാരത് വർഷ്' Vol.III, P.32.
6. വിവേകാനന്ദ ദി ഗ്രേറ്റ് സ്പിരിച്ച്വൽ ടീച്ചർ, പേജ്. 317.


****